"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസം- എയ്ഡഡ് സ്കൂൾ മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടനയുടെ അംഗീകാരം റദ്ദ് ചെയ്ത്-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.180/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 31/10/2019

---

പരാമർശം:- 1 28/6/1980 ലെ സ.ഉ (കൈ) നം.86/80/പൊവിവ

2 12-04-2019 ലെ ജെ3/231/2018 നമ്പർ സർക്കാർ കത്ത്

## ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂൾ മിനിസ്റ്റിരിയൽ സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടനയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 12 ൽ അധിക വർഷങ്ങളായി ഈ സംഘടന പ്രവർത്തന രംഗത്ത് ഇല്ലായിരുന്നുവെന്നും ഈ സംഘടനയുടെ സമ്മേളനങ്ങൾ നടന്നത് സംബന്ധിച്ചോ ഭാരവാഹികളെ തിരഞ്ഞെടുത്തത് സംബന്ധിച്ചോ വർഷങ്ങളായി അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ലെന്നും പൊതു വിദ്യഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അസോസിയേഷന്റെ ചട്ടങ്ങളുടെയും കണക്കുകളുടെയും വാർഷിക സ്റ്റേറ്റ്മെന്റിന്റെയും അംഗങ്ങളുടെ ലിസ്റ്റിന്റെയും പകർപ്പുകൾ ആവശ്യപ്പെട്ടിരുന്നു. ചട്ടപ്രകാരം നിഷ്കർഷിക്കുന്ന രേഖകൾ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ലെങ്കിൽ ആയത് അച്ചടക്ക ലംഘനമായി കണക്കാക്കി സംഘടനയുടെ റെജിസ്ട്രേഷൻ റദ്ദ് ചെയുന്നതാണ് എന്ന് പരാമർശം രണ്ട് കത്തിലൂടെ സംഘടന ഭാരവാഹികളെ അറിയിക്കുകയുമുണ്ടായി. എന്നാൽ ആവശ്യപ്പെട്ട രേഖകൾ സംഘടനാ പ്രതിനിധികൾ ഹാജരാക്കിയിട്ടില്ല.

കഴിഞ്ഞ 12 ൽ അധിക വർഷങ്ങളായി പ്രവർത്തന രംഗത്തു ഇല്ലാതിരുന്നതും ,സർക്കാർ ആവശ്യപ്പെട്ടതു പ്രകാരം സംഘടന സംബന്ധിച്ച വിശ്വസനീയമായ വിവരങ്ങൾ ലഭ്യമാക്കാതിരുന്നതും അച്ചടക്ക ലംഘനമായി കണക്കാക്കി എയ്ഡഡ് സ്കൂൾ മിനിസ്റ്റിരിയൽ സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടനയുടെ രജിസ്ട്രേഷൻ ,കെ.ഇ.ആർ Chapter XIV C ചട്ടം 51 (b)(7) പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
അണ്ടർ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.